# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2364** 20.06.2012 - ൽ മറുപടിക്ക്

## പമ്പ് ഹൗസിലെ മോട്ടോർ മാറ്റിസ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. എ. എ. അസീസ്** | | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | **കൊല്ലം ജില്ലയിലെ പൂന്തലത്താഴം മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസ് 2012 മാർച്ച്, ഏപ്രിൽ, മേയ് എന്നീ മാസങ്ങളിൽ എത്ര ദിവസം പ്രവർത്തിച്ചു എന്ന് വ്യക്തമാക്കാമോ ;** | (എ) | **2012**<br>മാർച്ച് - 19 ദിവസം<br>ഏപ്രിൽ - 30 ദിവസം<br>മേയ് - 11 ദിവസം<br>-----------<br>ആകെ - 60 ദിവസം<br>============ |
| (ബി) | **പ്രസ്തുത പമ്പ് ഹൗസിലെ മോട്ടറിന് അറ്റകുറ്റപ്പണിയും റീവൈൻഡിംഗും നടത്തിയതിന് 2010 ജനുവരി മുതൽ നാളിതുവരെ എത്ര രൂപ ചെലവാക്കിയിട്ടുണ്ട് ;** | (ബി) | 2010 ജനുവരി മുതൽ നാളിതുവരെ ടി പമ്പ് ഹൗസിൽ പമ്പ് സെറ്റ്/മോട്ടോർ എന്നിവയുടെ അറ്റ കുറ്റപ ണിക്കു വേണ്ടി 41080/- രൂപ ചിലവായിട്ടുണ്ട്. കൂടാതെ ഇതിന്റെ അനുബന്ധ പ്രവർത്തികൾക്കും കേടായ ജി.ഐ.പൈപ്പുകൾ, കേബിളുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനും വേണ്ടി 76850/-രൂപയും ചെലവായിട്ടുണ്ട്. |
| സി | **നിരന്തരം കേടായിക്കൊണ്ടിരിക്കുന്ന മോട്ടർ, സ്ഥലവാസികളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ ആയത് മാറ്റി പുതിയത് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?** | (സി) | കേടായ പമ്പുകളും മോട്ടോറും മാറ്റി സ്ഥാപിക്കുന്നതിന് നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ അംഗീകാരം കിട്ടിയ പ്രൊപ്പോസ്സലുകളുടെ പ്രവർത്തികൾ പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

8

# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2365 20.6.2012-ൽ മറുപടിയ്ക്ക്

## ഓമശ്ശേരി പഞ്ചായത്തിൽ എസ്.എൽ.സി. കുടിവെള്ള വിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ. പി.ജെ ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| എ. ഈ വർഷം എസ്.എൽ.സി. യിൽ ഉൾപ്പെടുത്തി എത്ര പഞ്ചായത്തുകളിലാണ് കുടി വെള്ള പദ്ധതി നടപ്പിലാക്കു വാൻ തീരുമാനിച്ചിട്ടുള്ളത്; | എ. 1.6.2012-ൽ നടന്ന എസ്.എൽ.എസ്.എസ്.സി യുടെ മിനിട്ട്സ് ഗവൺ മെന്റ് ഓഫ് ഇന്ത്യയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തു കളുടെ എണ്ണം അറിയിക്കാൻ നിർവ്വാഹമില്ല. |
| ബി. കൊടുവള്ളി സെക്ഷൻ പരിധി യിൽപ്പെട്ട ഓമശ്ശേരി ഗ്രാമപ ഞ്ചായത്തിൽ എസ്.എൽ.സി. അംഗീകരിച്ച പദ്ധതിയുടെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; | ബി. 1.6.2012-ൽ നടന്ന എസ്.എൽ.എസ്.എസ്.സിയിൽ ഈ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അഭാവം മൂലം പരിഗണി ക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത പദ്ധതി നബാർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്. |
| സി. വരൾച്ച നേരിടുന്ന പ്രദേശങ്ങ ളിൽ കുടിവെള്ളം എത്തിക്കു ന്നതിന് എന്തെല്ലാം പദ്ധതിക ളാണ് നടപ്പിലാക്കാൻ ഉദ്ദേശി ക്കുന്നത് ? | സി. വരൾച്ച നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി ധനലഭ്യതയ്ക്കനുസൃതമായി താഴെ പറയുന്ന നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |

- ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം
- കേടായ പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ
- പമ്പ് സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ
- വാട്ടർ ലൈനുകളിലുള്ള ലീക്കുകൾ മാറ്റുക
- സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യതയനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടുക.
- തകരാറിലായ പൈപ്പ് ലൈനുകൾ മാറ്റുക
- ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്ക് വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേക്ക് തിരിച്ചുവിടുകയും ചെയ്യുക
- കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്യുക.
- പമ്പിംഗ് സമയം ക്രമീകരിച്ച് നിശ്ചിത സമയം കൂടി വെള്ളം നല്കുക മുതലായവ.

(ഒപ്പ്)

സെക്ഷൻ ഓഫീസർ